07
ജൂലായ്
തിങ്കൾ 2025

# കാലികം

സ്പെഷ്യൽ പതിപ്പ്

SIHSS UMMATHUR

## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു

## മനോഭാവത്തിൽ മാറ്റു വരുത്താൻ ശാസ്ത്ര ചിന്ത അനിവാര്യം



ബഷീർ ദിനാചരണത്തിന്റെ ഉദ്ഘാടനം പ്രശസ്ത നാടകനടൻ മുഹമ്മദ് പേരാമ്പ്ര നിർവ്വഹിക്കുന്നു



ബഷീർദിനത്തിൽ മുഴുവൻ ക്ലാസ്സുകളിലും പുറത്തിറക്കിയ വായനക്കുറിപ്പ്സമാഹാരങ്ങൾ

# അക്ഷരങ്ങളുടെ സുൽത്താന് ആദരമർപ്പിച്ച് വിദ്യാർത്ഥികൾ

പാറക്കടവ് : ഭാഷയുടെ ലാളിത്യവും സാധാരണക്കാരായ കഥാപാത്രങ്ങളെയും കൊണ്ട് മലയാളിയെ ത്രസിപ്പിച്ച പ്രശസ്ത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമായ ജൂലായ് 5 ന് അക്ഷരങ്ങളുടെ സുൽത്താന് ആദരമായി മുഴുവൻ ക്ലാസ്സുകളിലും വായനക്കുറിപ്പുകളുടെ സമാഹാരം പുറത്തിറക്കി ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾ. ബഷീറിന്റ അടക്കം മലയാളത്തിലെ പ്രമുഖ സാഹിത്യകാരൻമാരുടെ പുസ്തകങ്ങൾ വായിച്ച് മുഴുവൻ വിദ്യാർഥികളും വായനക്കുറിപ്പുകൾ തയ്യാറാക്കുകയായിരുന്നു. ബഷീർ ദിനാചരണത്തിന്റെ ഉദ്ഘാടനം പ്രശസ്ത നാടകനടൻ മുഹമ്മദ് പേരാമ്പ്ര നിർവ്വഹിച്ചു.



ഭാഷയുടെയും വ്യാകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാളസാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്തുനിർത്തിയത് കൊണ്ടാണ് വൈക്കം മുഹമ്മദ് ബഷീർ കഥയുടെ സുൽത്താനായി മാറിയതെന്ന് അദ്ദേഹം പറഞ്ഞു. അസ്‌ലം കളത്തിൽ അധ്യക്ഷത വഹിച്ചു. 21 വായന പതിപ്പുകളുടെ പ്രകാശനം ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ നിർവ്വഹിച്ചു. എൻ കെ കുഞ്ഞബ്ദുള്ള മാസ്റ്റർ, സത്യൻ നീലിമ, ടി ബി മനാഫ് മാസ്റ്റർ, ഇ ഷമീർ മാസ്റ്റർ, യു അനശ്വര എന്നിവർ പ്രസംഗിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദി കോഡിനേറ്റർ വി പി ഷീബടീച്ചർ സ്വാഗതവും കൺവീനർ മിൻഹ ഫാത്തിമ നന്ദിയും പറഞ്ഞു.

# മനോഭാവത്തിൽ മാറ്റു വരുത്താൻ ശാസ്ത്ര ചിന്ത അനിവാര്യം



പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കരുത്തോടെ നേരിടാൻ ശാസ്ത്രചിന്തയും പ്രശ്ന പരിഹാരത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും കുട്ടികളിൽ വളർത്തേണ്ടതുണ്ടെന്ന് ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച ശാസ്ത്ര സെമിനാർ അഭിപ്രായപ്പെട്ടു. ശാസ്ത്രരംഗവും ശാസ്ത്ര സെമിനാറും ദേശീയ അധ്യാപക അവാർഡ് ജേതാവും ശാസ്ത്ര ഗവേഷകനുമായ നിയാസ് ചോല ഉദ്ഘാടനം ചെയ്തു. മെഹന ഫാത്തിമ അധ്യക്ഷത വഹിച്ചു.



കുട്ടികളുടെ ശാസ്ത്ര ആശയങ്ങൾ പങ്കുവെക്കാനുള്ള ഐഡിയ ബോക്സിന്റെ സമർപ്പണം ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ നിർവ്വഹിച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് ഗ്രാമ പഞ്ചായത്ത് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ ഉപഹാരങ്ങൾ വിതരണം ചെയ്തു. ശാസ്ത്ര രംഗം ജില്ലാ കൺവീനർ പ്രശാന്ത് മുതിയങ്ങ, മജീദ് കൂളിമാട്, ടി കെ ആമിനടീച്ചർ, അസ്‌ലം കളത്തിൽ, ഷബീർ വാണിമേൽ, കെകെ റസിയടീച്ചർ, കെ അനൂപ് കുമാർ എന്നിവർ പ്രസംഗിച്ചു. സൻഹ ഫാത്തിമ സ്വാഗതവും കെ സി അഷ്റഫ് മാസ്റ്റർ നന്ദിയും പറഞ്ഞു.

# സ്കൂൾതല ജനസംഖ്യ കണക്കെടുപ്പ് നടത്തുന്നു

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾതല ജനസംഖ്യ കണക്കെടുപ്പ് നടത്തുന്നു. ഇതിന്റെ ഭാഗമായി ക്ലാസ് തല ഡാറ്റ ശേഖരണം, ഡാറ്റ ക്രോഡീകരണം, ഡാറ്റ വിശകലനം, ഡാറ്റ അവലോകനം, ജനസംഖ്യ പ്രഖ്യാപനം എന്നിവ നടത്തുമെന്ന് സോഷ്യൽ സയൻസ് ക്ലബ്ബ് കൺവീനർ കെ വി നൗഫൽമാസ്റ്റർ അറിയിച്ചു.

# ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു



സാൻവിയ ആർ ദിനേശ്



വഫ ഫാത്തിമ



മുബഷ്ഷിർ ഹനാൻ

പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിലേക്ക് ഈ വർഷത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് 2025ജൂൺ 25ന് നടന്ന അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. 2092 യൂണിറ്റുകളിൽ നിന്നായി 172211വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്ക്കൂളിൽ 183 പേർ രജിസ്റ്റർ ചെയ്ത പരീക്ഷയിൽ സ്ക്കൂൾ തലത്തിൽ സാൻവിയ ആർ ദിനേശ് 8D ഒന്നാം റാങ്കും വഫ ഫാത്തിമ 8D രണ്ടാം റാങ്കും മുബഷ്ഷിർ ഹനാൻ 8F മൂന്നാം റാങ്കും നേടി. SPC പ്രവേശന പരീക്ഷയിലും സാൻവിയയാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. ആദ്യ 40റാങ്ക് നേടിയക്കാണ് ലിറ്റിൽകൈറ്റ്സിൽ അംഗത്വം ലഭിക്കുക. പരീക്ഷാഫലം സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് ലോഗിനിൽ ലഭ്യമാണ്.

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽ ആപ് നിർമാണം, ഗ്രാഫിക്സ് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകും. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിൽ 'എ ഗ്രേഡ്" ലഭിക്കുന്ന കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകി വരുന്നുണ്ട്. ഡിജിറ്റൽ മീഡിയ ലിറ്ററസി ഉൾപ്പെടെ നിരവധി പുതിയ പദ്ധതികൾ ലിറ്റിൽ കൈറ്റ്സ് വഴി കൈറ്റ് നടപ്പാക്കുന്നുണ്ട്.

# രക്ഷാകർതൃ ശില്പശാല നടത്തി



ഒമ്പതാം ക്ലാസിലെ രക്ഷിതാക്കൾക്കായി സംഘടിപ്പിച്ച ശില്പശാല മാനേജിംഗ് കമ്മിറ്റി ജനറൽ സെക്രട്ടറി അഹമദ് പുന്നക്കൽ ഉദ്ഘാടനം ചെയ്തു. ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ അധ്യക്ഷത വഹിച്ചു. പ്രശസ്ത ട്രൈനറും മോട്ടിവേറ്ററുമായ സി വി അജ്മൽ മുഹമ്മദ് മുഖ്യ പ്രഭാഷണം നടത്തി.



ടി കെ ഖാലിദ് മാസ്റ്റർ, കെ രഞ്ജിനിടീച്ചർ, പി എം സബീനടീച്ചർ, വി കെ അസ്മടീച്ചർ, ഇ ഷമീർ മാസ്റ്റർ, ഫൈറൂസ് മാസ്റ്റർ എന്നിവർ സംസാരിച്ചു. കെ സി അഷ്റഫ് മാസ്റ്റർ സ്വാഗതവും കെ കെ റസിയടീച്ചർ നന്ദിയും പറഞ്ഞു.

## ഇമ്മിണി വല്യ സുൽത്താൻ കാരിക്കേച്ചർ-കാർട്ടൂൺ മത്സരം ഇന്ന്

ഇമ്മിണി വല്യ സുൽത്താൻ എന്ന പേരിൽ ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ ലൈബ്രറി ക്ലബ്ബ് സംഘടിപ്പിക്കുന്ന കാരിക്കേച്ചർ - കാർട്ടൂൺ രചന മത്സരം ഇന്ന് നടക്കും.

ബഷീർ സാഹിത്യങ്ങളിലെ കഥാപാത്രങ്ങളുടെ കാരിക്കേച്ചർ-കാർട്ടൂൺ എന്നിവ A4 പേപ്പറിൽ തയ്യാറാക്കി ഇന്ന് സമർപ്പിക്കണമെന്ന് ലൈബ്രറി ക്ലബ്ബ് കൺവീനർ അസ്‌ലം മാസ്റ്റർ അറിയിച്ചു.